പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3988 | 16/05/2017 ൽ മറുപടിക്ക്

# വിവാഹ രജിസ്ട്രേഷന് ഹാജരാക്കേണ്ട രേഖകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എസ്. ശർമ്മ** | കെ.ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) വിവാഹ രജിസ്ട്രേഷൻ നടത്തുന്നതിന് തദ്ദേശസ്ഥാപനങ്ങളിൽ ഹാജരാക്കേണ്ട രേഖകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ; | എ) 1) 1995 ലെ ഹിന്ദു വിവാഹ ആക്ട് പ്രകാരം നടക്കുന്ന വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് വിവാഹം കഴിഞ്ഞ് 15 ദിവസത്തിനകം റപ്പോർട്ട് ചെയ്യുന്ന സംഗതികളിൽ ഫോറം നമ്പർ 1 ൽ തയ്യാറാക്കിയ വിവാഹ റിപ്പോർട്ടിന്റെ 2 കോപ്പികളോടൊപ്പം ഭാര്യാ ഭർത്താക്കൻമാരുടെ വയസ് തെളിയിക്കുന്നതിനുള്ള രേഖകൾ വരന്റെ/വധുവിന്റെ ആദ്യ വിവാഹമല്ലെങ്കിൽ വിവാഹ ബന്ധം വേർപിരിഞ്ഞതിന്റെ അല്ലെങ്കിൽ പങ്കാളി മരണപ്പെട്ടതിന്റെ രേഖകൾ എന്നിവ സമർപ്പിക്കേണ്ടതാണ്. വിവാഹം കഴിഞ്ഞ് 15 ദിവസത്തിന് ശേഷം എന്നാൽ 30 ദിവസം കഴിയാത്ത സംഗതികളിൽ കാലതാമസം മാപ്പാക്കുന്നതിന് 5 രൂപയുടെ കോർട്ട് ഫീ സ്റ്റാമ്പ് ഒട്ടിച്ച സംയുക്ത അപേക്ഷ തദ്ദേശ രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്. 30 ദിവസത്തിന് ശേഷം ജില്ലാ രജിസ്ട്രാറായ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ അനുവാദത്തോടെ രജിസ്റ്റർ ചെയ്യാവുന്നതാണ്. ഭർത്താവ് പ്രവാസി ഭാരതീയനാകുന്ന സംഗതികളിൽ അദ്ദേഹത്തിന്റെ സാധുതയുള്ള പാസ്പോർട്ടിന്റെ ഫോട്ടോകോപ്പിയും വിദേശ താമസ സ്ഥലത്തിന്റെ വിലാസവും സെക്യൂരിറ്റി നമ്പരും സമർപ്പിക്കേണ്ടതാണ്. |

2) 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം നടക്കുന്ന വിവാഹങ്ങൾ വിവാഹം നടന്ന് 5 വർഷത്തിനകം രജിസ്റ്റർ ചെയ്യുന്നതിന് ചുവടെ പറയുന്ന രേഖകൾ സമർപ്പിക്കേണ്ടതാണ്.

1) നിശ്ചിത ഫോറത്തിലുള്ള മെമ്മോറാണ്ടത്തിന്റെ 2 പകർപ്പുകൾ
2) 45 ദിവസം കഴിഞ്ഞ സംഗതികളിൽ കാലതാമസം മാപ്പാക്കുന്നതിനുള്ള അപേക്ഷ
3) പാസ്പോർട്ട് സൈസ് ഫോട്ടോ -2 സെറ്റ്
4) ജനന തീയതി തെളിയിക്കുന്ന രേഖ (എസ്.എസ്.എൽ,സി.ബുക്ക്/ജനന സർട്ടിഫിക്കറ്റ്/ഡ്രൈവിംഗ് ലൈസൻസ്/പാസ്പോർട്ട്/സ്കൂൾ പ്രവേശന രജിസ്റ്ററിന്റെ പകർപ്പ് അല്ലെങ്കിൽ ജനന തീയതി കാണിക്കുന്ന മറ്റേതെങ്കിലും രേഖകൾ
5) വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാനത്തിന്റെ അല്ലെങ്കിൽ സ്റ്റാറ്റ്യൂട്ടറി ആഫീസറുടെ സാക്ഷ്യപത്രം അല്ലെങ്കിൽ എം.പി, എം.എൽ.എ, ഗസറ്റഡ് ആഫീസർ. പഞ്ചായത്ത് മെമ്പർ/നഗരസഭ കൗൺസിലർ എന്നിവരിൽ ആരെങ്കിലും ഫോറം നമ്പർ 2 സാക്ഷ്യപ്പെട്ടുത്തി നൽകിയ പ്രഖ്യാപനം.
6) ഭർത്താവ് പ്രവാസി ഭാരതീയനാകുന്ന സംഗതികളിൽ അദ്ദേഹത്തിന്റെ സാധുതയുള്ള പാസ്പോർട്ടിന്റെ ഫോട്ടോകോപ്പിയും വിദേശ താമസ സ്ഥലത്തിന്റെ വിലാസവും സെക്യൂരിറ്റി നമ്പരും സമർപ്പിക്കേണ്ടതാണ്.

വിവാഹം നടന്ന് 5 വർഷത്തിനു ശേഷമുള്ള രജിസ്ട്രേഷൻ വിവാഹ (പൊതു) രജിസ്ട്രാർ ജനറലിന് (പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ) സമർപ്പിച്ച് അനുമതി ലഭിക്കുന്ന മുറയ്ക്കാണ് രജിസ്ട്രേഷൻ നടത്തുന്നത് എന്നതിനാൽ അത്തരം രജിസ്ട്രേഷനുകൾക്കും മേൽപറഞ്ഞ 1 മുതൽ 6 വരെയുള്ള രേഖകൾ സമർപ്പിക്കേണ്ടതാണ്.

ബി) ഹിന്ദുമതാചാരപ്രകാരമുള്ള വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ജാതി-മത-സമുദായ സംഘടനകളുടെ സാക്ഷ്യപത്രം നിർബന്ധമാണോ-യെന്ന് വ്യക്തമാക്കാമോ;

ബി) ഹിന്ദു മതാചാരപ്രകാരമുള്ള വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ജാതി-മത സമുദായ സംഘടനകളുടെ സാക്ഷ്യപത്രം നിർബന്ധമല്ല.

സി) ജാതി-മത-സമുദായ സംഘടനകളിൽ അംഗമല്ലാത്തവർക്ക് തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് ഗസറ്റഡ് ഓഫീസർ, എം.പി., എം.എൽ.എ., തദ്ദേശസ്വയംഭരണ സ്ഥാപനാംഗം എന്നിവരാരെങ്കിലും ഫോറം നമ്പർ-2 ൽ നൽകുന്ന സാക്ഷ്യപത്രം തെളിവായി സ്വീകരിച്ചുകൊണ്ട് വിവാഹം രജിസ്റ്റർ ചെയ്തുകൊടുക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോയെന്ന് വ്യക്തമാക്കാമോ?

സി) 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം ഭാരതത്തിൽ പ്രാബല്യത്തിലുള്ള മതാചാര പ്രകാരമുള്ള എല്ലാ വിവാഹങ്ങളും വിവാഹം നടന്നതിന്റെ തെളിവായി മതാധികാര സ്ഥാനത്തിന്റെ അല്ലെങ്കിൽ എംപി, എം.എൽ.എ, ഗസറ്റഡ് ആഫീസർ, പഞ്ചായത്ത് മെമ്പർ/നഗരസഭ കൗൺസിലർ എന്നിവരിൽ ആരെങ്കിലും ഫോറം നമ്പർ 2 ൽ സാക്ഷ്യപ്പെടുത്തി നൽകുന്ന പ്രഖ്യാപനം സ്വീകരിച്ച് വിവാഹം നടന്ന സ്ഥലത്തെ രജിസ്ട്രേഷൻ യൂണിറ്റിൽ രജിസ്റ്റർ ചെയ്യുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്.

(signature)

സെക്ഷൻ ഓഫീസർ